147
ഖ/118

File No.FWLD-B2/100/2017-FWLD

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന് തടികൾ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം./500/2017/വനം** തീയതി,തിരുവനന്തപുരം, 22/12/2017

പരാമർശം:- 1) 13.06.2007-തീയതിയിലെ സ.ഉ(എം.എസ്) നം. 38/07/വനം നമ്പർ സർക്കാർ ഉത്തരവ്.

2) 03.10.2012-തീയതിയിലെ ലെ സ.ഉ(എം.എസ്) നം. 104/2012/വനം നമ്പർ സർക്കാർ ഉത്തരവ്.

3) 17.01.2013- തീയതിയിലെ സ.ഉ(എം.എസ്) നം. 06/2013/വനം നമ്പർ സർക്കാർ ഉത്തരവ്.

4) ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, ചെയർമാന്റെ 06.06.2017-ലെ നിവേദനം.

5) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) -ന്റെ 20.07.2017-ലെ പ്രൊ(4) -30414/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന് 200 ക്യുബിക് മീറ്റർ തേക്കുതടികളും, ആഞ്ഞിലി തടികളും പ്രത്യേക നിരക്കിൽ അനുവദിച്ച് നൽകണമെന്ന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, ചെയർമാൻ പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു. മരാധിഷ്ഠിത ഫർണിച്ചർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റ് സർക്കാർ സഹോദര സ്ഥാപനങ്ങൾക്കും ലേലത്തിലൂടെയല്ലാതെ ഡിപ്പോകളിൽ നിന്നും തടി അനുവദിക്കുന്നതിന് വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം 1), 2), 3) എന്നീ സർക്കാർ ഉത്തരവുകളുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തടി അനുവദിക്കാവുന്നതാണെന്ന് പരാമർശം 5) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 5) -ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ ശുപാർശ പ്രകാരവും, പരാമർശം 1), 2), 3) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന് തടികൾ അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) -ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്),
തിരുവനന്തപുരം.

File No.FWLD-B2/100/2017-FWLD

ചെയർമാൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, തൈക്കാട്ടുകര.പി.ഒ, ആലുവ - 683 106

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

വ്യവസായ വകുപ്പ് [ 20/3/2017-തീയതിയിലെ യു.ഒ (ഫ) നമ്പർ 149/ജി2/17/വ്യവ നമ്പർ ഫയൽ പ്രകാരം]

വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ